# പതിമൂന്നാം കേരള നിയമസഭ

## പന്ത്രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : T*4206

16-12-2014-ൽ മറുപടിക്ക്

### മംഗലാപുരം-കോയമ്പത്തൂർ പൈപ്പ് ലൈൻ നിർമ്മാണം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എളമരം കരീം | ശ്രീ.പി.കെ.കുഞ്ഞാലിക്കുട്ടി (വ്യവസായവും വിവരസാങ്കേതികവും വകുപ്പു മന്ത്രി) |
| (എ) എൽ.ഇൻ.ജി. ടെർമിനലിൽ നിന്നും മംഗലാപുരം-കോയമ്പത്തൂർ എന്നീ കേന്ദ്രങ്ങളിലേയ്ക്ക് പൈപ്പ് ലൈൻ സ്ഥാപിക്കുന്ന പ്രവർത്തി ഏതു ഘട്ടത്തിലാണ് ; വിശദാംശം ലഭ്യമാക്കുമോ ; | (എ) പൈപ്പ്ലൈൻ സ്ഥാപിക്കേണ്ട ഭൂമിയുടെ ഉപയോഗാവകാശത്തിന് ഭാരത സർക്കാരിന്റെ P & MP Act സെക്ഷൻ 3(1), 6(1) വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. പദ്ധതിക്കുവേണ്ടിയുള്ള പൈപ്പുകളും മറ്റു സാമഗ്രികളും എത്തിച്ചേർന്നിട്ടുണ്ട്. ഗെയിൽ ഉദ്യോഗസ്ഥന്മാരേയും Project Management Consultant (PMC) നേയും നിയോഗിച്ചിട്ടുണ്ട്. SV/IP (Sectionalizing Valve Station/ Intermediate Pigging Station) സ്റ്റേഷനുകൾക്കുള്ള സ്ഥലമേറ്റെടുപ്പ് സംസ്ഥാന സർക്കാരിന്റെ മേൽനോട്ടത്തിൽ പുരോഗമിക്കുകയാണ്. സ്ഥലമേറ്റെടുപ്പിനെതിരെയുള്ള പ്രാദേശികമായ എതിർപ്പുകൾ മൂലം 505 കി. മീറ്ററിൽ 45 കി.മീറ്റർ മാത്രമാണ് Pipe Line Welding നടന്നിട്ടുള്ളത്. |
| (ബി) പ്രസ്തുത പൈപ്പ് ലൈൻ സ്ഥാപിക്കുന്നതിന് സ്ഥലം ഏറ്റെടുക്കാൻ എന്ത് നടപടിയാണ് കൈക്കൊള്ളുവാൻ ഉദ്ദേശിക്കുന്നത് ; | (ബി) ഗ്യാസ് പൈപ്പ്ലൈൻ കടന്നുപോകുന്ന സ്ഥലത്തെ ഭൂമിയുടെ ഉപയോഗാവകാശം (RoU) മാത്രമേ ഗെയിലിനുള്ളൂ. അതിനാൽ ആർക്കും ഭൂമി നഷ്ടപ്പെടുന്ന സാഹചര്യം ഉണ്ടാകുന്നില്ല. പെട്രോളിയം ആന്റ് മിനറൽ പൈപ്പ്ലൈൻ ആക്റ്റ് സെക്ഷൻ 3(1) പ്രകാരമുള്ള നോട്ടീസിന്റെ കോപ്പി ബന്ധപ്പെട്ട ഭൂവുടമകൾ കൈപ്പറ്റിയിട്ടുണ്ട്. കൂടാതെ പ്രസ്തുത നോട്ടീസിന്റെ കോപ്പി ബന്ധപ്പെട്ട വില്ലേജ്, താലൂക്ക്, പഞ്ചായത്ത് ആഫീസുകളിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. ഈ ആക്റ്റിലെ സെക്ഷൻ 6(1) പ്രകാരം ഗസറ്റ് നോട്ടിഫിക്കേഷനും കേന്ദ്രസർക്കാർ |

പ്രസിദ്ധീകരിച്ചിട്ടുണ്ട്. പൈപ്പ്ലൈൻ കടന്നുപോകുന്ന സ്ഥലത്തെ ജനങ്ങളുടെ എതിർപ്പ് കാരണം സ്ഥലമേറ്റെടുപ്പ് നടപടികൾ മന്ദഗതിയിലാണ് പുരോഗമിക്കുന്നത്. പൈപ്പ് ലൈൻ ഇടുന്നതുമായി ബന്ധപ്പെട്ട് ജനങ്ങളുടെ ആശങ്കയാണ് എതിർപ്പിന് അടിസ്ഥാനം. ജനങ്ങളുടെ ആശങ്കയകറ്റുന്നതിനും പൈപ്പ്ലൈൻ പദ്ധതികൊണ്ട് സംസ്ഥാനത്തിനും ജനങ്ങൾക്കുമുണ്ടാകുന്ന നേട്ടങ്ങളെ സംബന്ധിച്ച് ജനങ്ങൾക്കിടയിൽ അവബോധം വളർത്തുന്നതിനും സർക്കാർ തലത്തിലും ഗെയിലിന്റെ തലത്തിലും നിരന്തരം ബോധവത്കരണം നടത്തി വരുന്നുണ്ട്. ഇതിന്റെ ഭാഗമായി, 28/10/2014 ന് ബഹു. മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ, പൈപ്പ്ലൈൻ കടന്നുപോകുന്ന സ്ഥലങ്ങളിലെ ജനപ്രതിനിധികളുടേയും ഉദ്യോഗസ്ഥരുടേയും യോഗം ചേരുകയുണ്ടായി. പ്രസ്തുത യോഗത്തിൽ ചർച്ച ചെയ്ത കാര്യങ്ങൾ ജനപ്രതിനിധികളുടെ ആശങ്ക ഒരു പരിധി വരെ പരിഹരിക്കുവാൻ പര്യാപ്തമായിട്ടുണ്ട് എന്നാണ് സർക്കാർ വിലയിരുത്തിയിട്ടുള്ളത്.

**(സി)** പൈപ്പ് ലൈൻ സ്ഥാപിക്കാൻ വൈകുന്നതുമൂലം, ഗെയിൽ എന്ന പൊതു മേഖലാ സ്ഥാപനം കേരളം വിടുമെന്ന് പറഞ്ഞത് സർക്കാരിന്റെ ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ ?

**(സി)** ഗ്യാസ് പൈപ്പ് ലൈൻ വിന്യസിക്കുന്നതിനു വേണ്ടിയുള്ള ഭൂമിയിൽ ഗെയിലിന് തടസ്സമില്ലാതെ ഉപയോഗാവകാശം ലഭ്യമാക്കാത്ത പക്ഷം പദ്ധതിയുടെ തുടർ നടത്തിപ്പ് സംബന്ധിച്ച് പുനർവിചിന്തനം നടത്തേണ്ടി വരുമെന്ന ആശങ്ക GAIL സർക്കാരുമായി പങ്കുവച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ